സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനുള്ള ഒരു എളിയ ശ്രമമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു കുട്ടിക്ക് 3-കോഴി, 3-കിലോ തീറ്റ, 25 രൂപയുടെ മരുന്ന് എന്നിവ തികച്ചും സൗജന്യമായാണ് വിതരണം ചെയ്യുന്നത്. സംസ്ഥാനത്തെ (സർക്കാർ, എയ്ഡഡ്) സ്കൂളുകളിലെ ഹൈസ്കൂൾ വിഭാഗത്തിൽനിന്നും 8, 9 ക്ലാസ്സുകളിലേയും, അപ്പർ പ്രൈമറി വിഭാഗത്തിൽനിന്നും 6, 7 ക്ലാസ്സുകളിലേയും കുട്ടികളെയാണ് ഈ പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുന്നത്. അതത് സ്കൂൾ മാനേജ്മെന്റും അദ്ധ്യാപക-രക്ഷാകർതൃ സംഘടനയും പങ്കാളികളാകുന്ന ഈ പദ്ധതിയിൽ പിന്നോക്ക പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് മുൻഗണന നൽകുന്നുണ്ട്. സ്കൂളിന്റെ മേലധികാരിയും അദ്ധ്യാപക-രക്ഷാകർതൃ സംഘടനയുടെ പ്രതിനിധിയും, പ്രദേശത്തെ വെറ്ററിനറി സർജ്ജനും, സ്കൂളിലെ പൗൾട്രി ക്ലബ്ബിന്റെ ഉത്തരവാദിത്വമുള്ള അദ്ധ്യാപകനും, പൗൾട്രി വികസന കോർപ്പറേഷന്റെ പ്രോഗ്രാം കോർഡിനേറ്ററും അടങ്ങുന്ന കമ്മിറ്റിയാണ് ഈ പദ്ധതി അവലോകനം ചെയ്ത് മുന്നോട്ട് കൊണ്ടുപോകുന്നത്.

- കുട്ടികളിൽ അദ്ധ്വാനശീലവും സ്വാശ്രയശീലവും വളർത്തി, പഠനത്തോടൊപ്പം ഒരു ചെറിയ വരുമാനമാർഗ്ഗം എന്ന രീതിയിലും, പോഷകാഹാരക്കുറവിന് പരിഹാരം കണ്ടെത്തുന്നതോടൊപ്പംതന്നെ കുട്ടികളെ ഉത്തരവാദിത്വമുള്ള പൗരന്മാരായി വളർത്തുന്നതിൽ സ്കൂൾ പൗൾട്രി ക്ലബ്ബുകൾ മുഖ്യ പങ്കുവഹിക്കുന്നു.
- മുട്ടയുല്പാദനവും, ഇറച്ചി ഉല്പാദനവും വർദ്ധിപ്പിക്കുന്നതിലും, കുട്ടികളിൽ കോഴിവളർത്തൽ അഭിരുചി രൂപപ്പെടുത്തുന്നതോടൊപ്പം അവരിൽ ക്ഷമാശീലവും-ധർമ്മബോധവും വളർത്തിയെടുക്കുവാൻ ഈ പദ്ധതിയിലൂടെ ഒരു പരിധിവരെ സാധിക്കുമെന്നത് നിസ്സംശയം പറയാൻകഴിയും.
- പ്രസ്തുത പദ്ധതിമൂലം മുട്ടയുല്പാദനത്തിൽ ഏകദേശം 3 കോടി മുട്ടയുടെ അധിക ഉല്പാദനം സാധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) പദ്ധതിയുടെ ആദ്യഘട്ടത്തിൽ 50,000 സ്കൂൾ കുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഇത്തരം സ്കൂൾ പൗൾട്രി ക്ലബ്ബുകളുടെ പ്രവർത്തനം എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കും.

ഡോക്ടർമാരുടേയും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടേയും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

136 (150) ശ്രീ. കെ. പി. മോഹനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ മൃഗസംരക്ഷണവകുപ്പിനുകീഴിൽ എത്ര വെറ്ററിനറി ഡോക്ടർമാരുടേയും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടേയും തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് പഞ്ചായത്തുകളുടെ പേര് സഹിതം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തസ്തികകളിലെ ഒഴിവ് നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ;

(സി) കണ്ണൂർ ജില്ലയിലെ കരിയാട് ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി വിഭാഗത്തിലെ ഒഴിവുകൾ നികത്താൻ നൽകിയ അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത തസ്തികയിലെ ഒഴിവ് എപ്പോൾ നികത്തുമെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ വെറ്ററിനറി സർജന്മാരുടെ 23 ഒഴിവുകളും, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ 75 ഒഴിവുകളുമുണ്ട്. (പഞ്ചായത്തുകളുടേയും ഡിസ്പെൻസറികളുടേയും വിവരം അനുബന്ധമായി ചേർക്കുന്നു.)*

(ബി) വെറ്ററിനറി സർജന്മാരുടെയും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടേയും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്ന് നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

(സി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നോ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നോ ഉദ്യോഗാർത്ഥികളെ ലഭിക്കുന്ന മുറയ്ക്ക് കരിയാട് പഞ്ചായത്തിൽ വെറ്ററിനറി വിഭാഗത്തിൽ ആളെ നിയമിക്കുന്നതാണ്.

(ഡി) വെറ്ററിനറി സർജന്മാരുടേയും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടേയും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

ഇറച്ചിമുയൽ, ഇറച്ചിആട് എന്നിവ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുവാൻ നടപടി

137 (151) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇറച്ചിമുയൽ, ഇറച്ചിആട് എന്നിവ സർക്കാർ ഉടമസ്ഥതയിൽ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നുണ്ടോ ; എങ്കിൽ എവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ കെപ്കോ മാതൃകയിൽ ഇറച്ചിമുയൽ, ഇറച്ചിആട് എന്നിവ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ ഉടമസ്ഥതയിൽ ഇറച്ചി-ആട്, ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നില്ല. എന്നാൽ ഇറച്ചി-മുയൽ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. മൃഗസംരക്ഷണവകുപ്പിന് കീഴിലുള്ള ജില്ലാ കന്നുകാലി വളർത്തൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly